ങ്ങൾക്കും വായ്പ സ്വീകരിക്കുന്നവർക്കും എല്ലാം വിഷമമുണ്ടാക്കി അവരുടെമേൽ കൂടുതൽ പലിശഭാരം അടിച്ചു് ഏൽപ്പിച്ചുകൊണ്ടു് ജീവനക്കാരെ നിലനിർത്തണമെന്ന സമീപനം സ്വീകാര്യമല്ല, ശരിയുമല്ല.

ശ്രീ. കെ. സുകുമാരനുണ്ണി: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഞാൻ പ്രമേയം പ്രസ് ചെയ്യുന്നില്ല.

The Resolution moved by Shri K. Sukumaranunni was, by leave, withdrawn.

(2) കേരള കർഷകത്തൊഴിലാളി നിയമത്തിലെ പ്രോവിഡന്റ് ഫണ്ടു് വ്യവസ്ഥ നടപ്പാക്കുന്നതിനെ സംബന്ധിച്ചു്

ശ്രീ. പി.ആർ. ശിവൻ: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു. 'കേരള കർഷകത്തൊഴിലാളി നിയമത്തിലെ പ്രോവിഡന്റു ഫണ്ടു് വ്യവസ്ഥ നാളിതുവരെ പ്രാബല്യത്തിൽ വരുത്താൻ കൂട്ടാക്കാത്തതിൽ ഈ സഭയ്ക്കുള്ള ആശങ്ക രേഖപ്പെടുത്തുന്നതോടൊപ്പം പ്രോവിഡന്റ് ഫണ്ടു് പ്രാബല്യത്തിൽ വരുത്താൻ അടിയന്തിര നടപടികളും സ്വീകരിക്കണമെന്നു് ഈ സഭ ഗവൺമെന്റിനോടു് ആവശ്യപ്പെടുകയും ചെയ്യുന്നു.

കേരളത്തിലെ 22 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളുടെ സേവനവേതനവ്യവസ്ഥകളെ പ്രതിപാദിക്കുന്ന കേരള കർഷകത്തൊഴിലാളിനിയമം പാസ്സാക്കിയതിന്റെ പിന്നിൽ ഒരു വലിയ ചരിത്രമുണ്ടു് സർ. നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പാടത്തു് പണിയെടുത്തിരുന്ന കർഷകത്തൊഴിലാളികളും ഏതാണ്ടു് ഒന്നര ദശാബ്ദങ്ങൾക്കുമുൻപു വേണ്ടത്ര സംഘടിതരായിരുന്നില്ല. അതുകൊണ്ടുതന്നെ അവരുടെ ആ അസംഘടിതാവസ്ഥയെ ചൂഷണം ചെയ്തുകൊണ്ടു് കർഷകത്തൊഴിലാളികളുടെ മേൽ ഭൂടമകളും മർദ്ദനോപാധികളും അവലംബിച്ചിരുന്നു. എന്നാൽ അവിടെനിന്നു മാറുകയും സമീപകാലങ്ങളിൽ ഏതാണ്ടു് ഒരു ദശാബ്ദത്തിനുമുൻപുതന്നെ കർഷകത്തൊഴിലാളികളും സംഘടന കെട്ടിപ്പടുക്കുകയും ആ സംഘടനയുടെ കൊടിക്കീഴിൽ നിന്നുകൊണ്ടു് മെച്ചപ്പെട്ട സേവനവേതനവ്യവസ്ഥകൾക്കു വേണ്ടി കേരളത്തിലുടനീളം സമരം ആരംഭിക്കുകയും ചെയ്തു. ആ സമരത്തിന്റെ അലയടികളും ഇത്തരമൊരു നിയമനിർമ്മാണത്തിലേക്കു നമ്മുടെ ഭരണാധികാരികളുടെ ശ്രദ്ധയെ തിരിക്കാൻ നിർബന്ധിതമായി എന്നുള്ളതാണു് വസ്തുത. സംഘടിതരായ കർഷകത്തൊഴിലാളികളും മെച്ചപ്പെട്ട സേവനവേതനവ്യവസ്ഥകൾക്കുവേണ്ടി പ്രക്ഷോഭണം ആരംഭിക്കുകയും ആ പ്രക്ഷോഭണത്തിന്റെ ഫലമായി ഇങ്ങനെയൊരു നിയമം കൊണ്ടുവരാൻ ഗവൺമെന്റു് നിർബന്ധിതമാകുകയും ചെയ്ത പരിതഃസ്ഥിതിയിൽ, ഇത്തരത്തിലുള്ള നിയമം കൊണ്ടുവരാൻ ആത്മാർത്ഥതയോടുകൂടിയുള്ള സമീപനമാണോ സ്വീകരിച്ചിട്ടുള്ളത്, നിയമം പാസ്സാക്കിയിട്ടുള്ളതു് വേണ്ടത്ര ആത്മാർത്ഥതയോടുകൂടിയാണോ എന്നു സംശയിക്കേണ്ട സാഹചര്യമാണു് ഇന്നുള്ളത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഏതാണ്ടു് 22 ലക്ഷത്തോളമുണ്ടു് ഈ കർഷകത്തൊഴിലാളികളും. വളരെയേറെ സമൂർത്തമായ പ്രക്ഷോഭണങ്ങളുടെ യുവ ഐതിഹാസിക സമരങ്ങളുടെയും ഫലമായിട്ടു് നിരവധി കർഷകത്തൊഴിലാളികളുടെ ജീവൻ നഷ്ടപ്പെടേണ്ടിവന്നു, ക്രൂരമായ യാതനകളും

LIBRARY ARCHIVES Kerala Legislative Assembly

നേരിടേണ്ടിവന്നു. അതിന്റെ ഫലമായി 1972-ൽ ഈ നിയമം അവതരിപ്പിക്കുവാൻ ഇടവന്നു. പക്ഷേ 1972-ൽ ഈ നിയമം അവതരിപ്പിച്ചെങ്കിലും പാസ്സാക്കാൻകഴിഞ്ഞത് 1974-ൽ മാത്രമാണ്. 1974-ൽ കർഷകത്തൊഴിലാളി നിയമം പാസ്സായി. 1974 ജൂലൈ 31-ാം തീയതി പ്രസിഡന്റിന്റെ അംഗീകാരം കിട്ടിയെങ്കിലും 1975 ഒക്ടോബർ മാസം 2-ാം തീയതിയാണ് ഇതു നടപ്പിലാക്കാൻ തീരുമാനിച്ചത്. അതിനുമുൻപുതന്നെ ഈ നിയമത്തെപ്പറ്റിയുള്ള പ്രചാരവേലകൾ ഈ സംസ്ഥാനത്ത് എമ്പാടും അന്നത്തെ ഭരണകക്ഷികളിലെ വിവിധ പാർട്ടികളും അവരുടെ നേതാക്കൻമാരും നടത്തിയിരുന്നു. ആയിരക്കണക്കിനു ചെറുതും വലുതുമായ പൊതുയോഗങ്ങളിൽ കർഷകത്തൊഴിലാളികളുടെ മാഗ്നാകാർട്ടാ ആകുന്നു കർഷകത്തൊഴിലാളി നിയമം, അങ്ങനെ കടിച്ചാൽ പൊട്ടാത്തതും പൊട്ടിയാൽ അലിയാത്തതുമായ വാക്കുകൾ ഇഷ്ടംപോലെ ഉരുവിട്ട് ഈ നിയമത്തിന് അനുകൂലമായി പ്രചാരവേല സംഘടിപ്പിച്ചു. ആ പ്രചാരവേലയ്ക്കു ഒരുദ്ദേശമുണ്ടായിരുന്നു. ഈ കർഷകത്തൊഴിലാളി നിയമം ഉണ്ടാക്കുന്നതിലേക്കു സംസ്ഥാന ഭരണാധികാരികളെ എത്തിച്ച സാഹചര്യം എന്താണെന്നു പറഞ്ഞാൽ ഭാഗ്യവശാലോ നിർഭാഗ്യവശാലോ ഈ കർഷകത്തൊഴിലാളികളിൽ ഗണ്യമായ ഒരു ഭാഗം, നിർണ്ണായകമായ ഒരു വിഭാഗം ഭരണകക്ഷികളുടെ നിയന്ത്രണത്തിലായിരുന്നില്ലെന്നുള്ളതാണ്. അതുകൊണ്ടുതന്നെ ഭരണകക്ഷികൾക്ക് അനുകൂലമായി കർഷകത്തൊഴിലാളികളെ നയിക്കുവാൻ വേണ്ടിയാണ് ഈ പ്രചാരവേല മുഴുവൻ സംഘടിപ്പിച്ചിട്ടുള്ളത്. പച്ചിലത്തുപ്പ് കാണിച്ച് കശാപ്പുശാലയിലേക്ക് ആടിനെ കൊണ്ടുപോകുന്ന കശാപ്പുകാരന്റെ സമീപനമായിരുന്നു ഭരണകക്ഷിനേതാക്കൾക്കിൽനിന്നും ഇക്കാര്യത്തിൽ ഉണ്ടായിരുന്നത്. അങ്ങനെ നിങ്ങൾക്കു വേണ്ടി നിയമംവരുന്നു, നിങ്ങളുടെ സേവനവേതനവ്യവസ്ഥകളിൽ വലിയ മാറ്റം വരുന്നു, കർഷകത്തൊഴിലാളികൾക്ക് സ്ഥായിയായി ഐശ്വര്യസമ്പൂർണ്ണമായ ഒരു ഭാവി വാഗ്ദാനം ചെയ്തുകൊണ്ട് നിയമം കൊണ്ടുവന്നതും ഞങ്ങളാണ്, അതുകൊണ്ട് നിങ്ങൾ ഞങ്ങളുടെ കീഴിൽ അണിനിരക്കുക, സംഘടിക്കുക എന്നാഹ്വാനം ചെയ്തുകൊണ്ട് ആണ് ചെറുതും വലുതുമായ പൊതുയോഗങ്ങൾ നടത്തിയത്. ഫലം വേണ്ടത്ര അനുകൂലമല്ലാത്തതുകൊണ്ട് ആ നിയമം നടപ്പിലാക്കാനും ആത്മാർത്ഥത കാണിച്ചിട്ടില്ലെന്നുള്ളതാണ് ഞങ്ങളുടെ ആക്ഷേപം. അതുകൊണ്ടാണ് 1972-ൽ അവതരിപ്പിച്ച നിയമം 1974-ൽ പാസ്സാക്കി 1974 ജൂലൈ 31-ാം തീയതി പ്രസിഡന്റിന്റെ അംഗീകാരം കിട്ടിയിട്ടും 1975 ഒക്ടോബർ രണ്ടാംതീയതി നടപ്പിലാക്കുമെന്നു പറഞ്ഞിട്ടും ഈ നിയമത്തിലെ കാതലായ ഭാഗമായ പാടത്തു പകലന്തിയോളം പണിയെടുക്കുന്ന കർഷകത്തൊഴിലാളിയുടെ നിരന്തരമായ അദ്ധ്വാനത്തിന്റെ ഫലമായി അദ്ധ്വാനത്തിൽനിന്നും അവൻ വിരമിക്കുമ്പോൾ അല്ലെങ്കിൽ അവന് അദ്ധ്വാനിക്കുവാൻ കഴിയാതെ വരുമ്പോൾ അവന്റെ ജീവിതം ബാക്കി നിലനിർത്താൻ ആവശ്യമായ ഉപയുക്തമായ പ്രോവിഡന്റു ഫണ്ട്, 8-ാം വകുപ്പു നടപ്പിലാക്കാൻ കാലതാമസം വരുത്തുന്നതെന്താണ് എന്റെ ആക്ഷേപം. പണ്ട് ഈ നിയമസഭയിൽ വനംവ്യവസ്ഥാധികാരിയായ ശ്രീ. എ. വി. കുഞ്ഞമ്പു നടത്തിയ പരാമർശം ഞാൻ ഓർക്കുന്നു. അദ്ദേഹം പറഞ്ഞത് അൽപ്പം സംസ്കൃതത്തിലായിരുന്നു. 'ഉപസ്ഥംവിട്ട കന്യാദാനം' എന്നാണദ്ദേഹം പറഞ്ഞ വാക്കുകൾ. അതുപോലെ 8-ാം വകുപ്പ് നടപ്പിലാക്കാത്ത കർഷകത്തൊഴിലാളി നിയമം എന്നു പറഞ്ഞാൽ ഉപസ്ഥം വിട്ട ഒരു കന്യാദാനമാണെന്നല്ലേ പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയുകയുള്ളു. ആ നിയമത്തിന്റെ കാതലായ ഭാഗം നടപ്പിലാക്കിയിട്ടില്ല. അതു നടപ്പിലാക്കുന്നതിനെക്കുറിച്ചെല്ലാം നിയമസഭയിൽ പരാമർശം വരുമ്പോൾ ഉടനടി നടപ്പിലാക്കും, അടിയന്തിരമായി നടപ്പിലാക്കും ഗവൺമെന്റിന്റെ പരിഗണനയിലാണ്, സജീവ പരിഗണനയിലാണ് ഇങ്ങനെയുള്ള വാക്കുകളല്ലാതെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ വെള്ളം കുടിച്ചുള്ള നയപ്രഖ്യാപനപ്രസംഗവും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ വെള്ളംകുടിക്കാതെയുള്ള പ്രഖ്യാപനവും പരിശോധിച്ചാൽ ഈ 8.൦ വകുപ്പു നടപ്പിലാക്കുന്ന കാര്യത്തിൽ ആത്മാർത്ഥമായ ഒരു സമീപനം എടുത്തിട്ടുള്ളതായി കാണാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട തൊഴിൽ കാര്യമന്ത്രി തൊഴിൽ രംഗവുമായി ബന്ധമുള്ള ആളെന്ന നിലയിൽ അദ്ദേഹത്തോടു ഇതു നടപ്പിലാക്കണമെന്നാവശ്യപ്പെടാൻ ആണ് ഞാൻ ഈയവസരത്തിൽ ഇതു ഉന്നയിക്കുന്നത്. അടിയന്തിരാവസ്ഥയുടെ കാലഘട്ടത്തിൽ ഒരുപാടു പ്രചാരവേല നടത്തിയ പല നിയമങ്ങളിലൊന്നാണ് ഇത്. സാധാരണ വ്യവസായികരും അംഗീകരിക്കുന്ന ഒരു മുദ്രാവാക്യമുണ്ട്. Advertisement is the trick of business· എന്നു പറയും. അതുപോലെ ഈ കൂട്ടുമുന്നണിയാകുന്ന ഭരണമുന്നണി കൂട്ടുക്കച്ചവടത്തിനു കൊടുത്ത ഏറ്റവും വലിയ പ്രചാരവേലയ്ക്കുള്ള ഏറ്റവും വലിയ പരസ്യങ്ങളിലൊന്നായിരുന്നു ഈ നിയമംവഴി നടത്തിയത്. അതായത് പരസ്യപ്രചാരവേല നടത്തുന്ന കാര്യത്തിൽ ഇവർ ധാരാളം മുന്നോട്ടുപോയിരുന്നു. പരസ്യപ്രചാരവേല നടത്തിയ പലതും പരസ്യത്തിൽ മാത്രം ഒതുങ്ങിനിന്നു എന്നുള്ളതാണു വസ്തുത. പല സ്ഥലത്തും ഓഫീസും അതിന്റെ പ്രവർത്തനവുമില്ലാതെ പല കമ്പനികളും പരസ്യംകൊണ്ടുമാത്രം നിലനിൽക്കുന്ന ഒരു സമ്പ്രദായം നമ്മുടെ രാജ്യത്തുണ്ട്. അതുപോലെ ഈ പരസ്യത്തിനും അമിതമായ പ്രാധാന്യം കൊടുത്തുകൊണ്ട് പ്രായോഗികമായ രംഗത്തു നടപ്പിലാക്കാൻ വിഷമിക്കുന്ന ഒന്നാണ് ഈ കർഷകത്തൊഴിലാളി നിയമം എന്നാണ് എന്റെ അഭിപ്രായം. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളെ സംബന്ധിച്ച് കഴിഞ്ഞതവണ ഞാൻ പറഞ്ഞിട്ടുള്ളതുമാണ്. അതുകൊണ്ടു ഇപ്പോൾ ആവർത്തിക്കുന്നില്ല. പരസ്യം ഏറ്റവും കൂടുതൽ ഏതിനു കൊടുത്തിട്ടുണ്ടോ അതൊന്നും ഇവിടെ നടപ്പിലാക്കിയിട്ടില്ലെന്നുള്ളതാണ് വസ്തുത. തീർച്ചയായും മാഗ്നാകാർട്ട എന്നു പറഞ്ഞ് ഈ നാട്ടിൽ എമ്പാടും നടത്തിയ പ്രചരണത്തിന്റെ ഫലമായി കർഷകത്തൊഴിലാളികളെ ആകർഷിക്കുവാൻ കഴിയാത്തതുകൊണ്ട് എന്നാൽ അത്ര താൽപ്പര്യം കർഷകത്തൊഴിലാളികൾക്കു ഞങ്ങളോടില്ലെങ്കിൽ ഞങ്ങൾക്കു അവരോടും അത്ര വലിയ താൽപ്പര്യമില്ലെന്നു അർത്ഥം വരുന്ന രീതിയിൽ കാതലായ ഭാഗം നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാർ അലസത കാണിക്കുന്നു എന്നാണ് ഞങ്ങളുടെ ആക്ഷേപം. തീർച്ചയായും ഈ നിയമംകൊണ്ട് ഉദ്ദേശിച്ച ഫലം ഈ രാജ്യത്തെ കർഷകത്തൊഴിലാളികൾക്കു ലഭ്യമാകണമെങ്കിൽ ഈ നിയമത്തിലെ കാതലായ വകുപ്പായ പ്രൊവിഡന്റു ഫണ്ട് കൂടി നടപ്പിലാക്കാതെ വയ്യ. അപ്പോൾ ഈ പറയുന്ന കാര്യത്തിൽ വേണ്ട എന്നു തീരുമാനിച്ചു, സമ്മർദ്ദം വന്നപ്പോൾ വേണമെന്നു തീരുമാനിച്ചു, ഈ രണ്ടു സമ്മർദ്ദങ്ങളുടെയും ഫലമായി 'വേണ്ടണം' എന്നു തീരുമാനിച്ചിരിക്കുന്ന ഈ നിയമം വേണമെന്നു തീരുമാനിക്കുവാനുള്ള മാനസികാവസ്ഥയിലേക്കു സംസ്ഥാനഗവൺമെന്റ് എത്തുമോ എന്നു അവരുടെ ആത്മാർത്ഥതയുടെ മുന്നിൽ ഒരു ചോദ്യം ഉന്നയിക്കാനാണ് ഞാൻ ഈയവസരം ഉപയോഗിക്കുന്നത്. തീർച്ചയായും വർഷങ്ങൾക്കുമുൻപ് പാസ്സാക്കി, അടിയന്തിരാവസ്ഥയിൽ ആനയും അമ്പാരിയും ഒക്കെയായി പ്രചാരവേല നടത്തി, കർഷകത്തൊഴിലാളികളെ ഉടലോടെ

LIBRARY ARCHIVES Kerala Legislative Assembly

സ്വർഗ്ഗത്തിലേക്കു ഉയർത്താൻ പര്യാപ്തമായ ഒരു നിയമത്തിന്റെ ഉപജ്ഞാതാക്കൾ ഞങ്ങളാണ്, അതുകൊണ്ടു ഞങ്ങളാണ് നിങ്ങളുടെ സകലതും എന്ന പ്രചാരവേലയുടെ പൊള്ളത്തരം ഇതേവരെ ബോധ്യപ്പെട്ടു കഴിഞ്ഞ പരിതഃസ്ഥിതിയിൽ സ്ഥിരമായ ആ പോളിസി ആവർത്തിക്കാതിരിക്കുവാൻ വേണ്ടി ഈ ഗവൺമെന്റിന്റെ ആത്മാർത്ഥതയുടെ മുന്നിൽ ഉന്നയിക്കുന്ന ചോദ്യമാണിത്. ലക്ഷക്കണക്കിനു കർഷകത്തൊഴിലാളികളെ ബാധിക്കുന്ന ക്ഷേമപ്രവർത്തനത്തെ ബാധിക്കുന്ന ഈ പ്രോവിഡന്റു ഫണ്ടിന്റെ കാര്യത്തിൽ അടിയന്തിരമായി നടപ്പിലാക്കാനുള്ള നടപടി ഈ ഗവൺമെന്റ് എടുക്കണം. അതിനാവശ്യമായ ഒരു സമീപനം അവരിൽ നിന്നുണ്ടാകണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ഈ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. ഈ നിയമത്തിന്റെ ചെറുതായ ഒരു ചരിത്രം പ്രമേയാവതാരകൻ വിശദീകരിച്ചതുകൊണ്ടു ഞാൻ അതിലേക്കു കടക്കുന്നില്ല. ഈ നിയമം പാസ്സാക്കിയ സാഹചര്യം, പാസ്സാക്കിയ ശേഷം നമ്മുടെ സംസ്ഥാനത്തു നടത്തിയ പ്രചാരവേല ഇതെല്ലാം വിശദീകരിച്ചു. എന്തായാലും ആ നിയമം പാസ്സായി. അതിനു അംഗീകാരവും കിട്ടി. അംഗീകാരം കിട്ടിയിട്ടും അതു നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ പിന്നേയും വൈകി. അതിനുശേഷം ഈ പ്രോവിഡന്റു ഫണ്ടു വ്യവസ്ഥ അപ്രായോഗികമാണെന്ന ഒരു വാദഗതിയാണ് ഗവൺമെന്റ് ഭാഗത്തുനിന്നും ഇപ്പോഴും വരുന്നത്. ഈ നിയമം നടപ്പിലാക്കാൻ കഴിയുന്ന ഒരു നിയമമാണ്. ഈ സംസ്ഥാനത്തെ എല്ലാ കർഷകത്തൊഴിലാളി സംഘടനകളും ഈ നിയമം നടപ്പിലാക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്. അപ്പുറത്തിരിക്കുന്നവരുടെ നേതൃത്വത്തിലുള്ള കർഷകത്തൊഴിലാളികളുണ്ട്. ഇപ്പുറത്തിരിക്കുന്നവരുടെ നേതൃത്വത്തിലുള്ള കർഷകത്തൊഴിലാളികളുണ്ട്. അപ്പുറത്തിരിക്കുന്നതായ ബഹുമാന്യനായ പി. ശങ്കർ നേതാവായ ഒരു കർഷകത്തൊഴിലാളി ഫെഡറേഷനുണ്ട്. അതുപോലെതന്നെ ആർ.എസ്.പി.യുടെ നേതൃത്വത്തിലുള്ള കർഷകത്തൊഴിലാളികളുണ്ട്. ഇപ്പുറത്തിരിക്കുന്ന ഞങ്ങളുടെ കർഷകത്തൊഴിലാളി യൂണിയനുകളുണ്ട്. ഈ യൂണിയനുകളെല്ലാം തന്നെ ഈ പ്രോവിഡന്റ് ഫണ്ടു വ്യവസ്ഥ അടിയന്തിരമായി നടപ്പിലാക്കണമെന്ന ആവശ്യം ഉന്നയിച്ചുകഴിഞ്ഞിട്ടുണ്ട്. അപ്പോഴും സംഘടിത കർഷകത്തൊഴിലാളികളാകെ ആവശ്യപ്പെടുന്നു ഈ നിയമം നടപ്പിലാക്കണമെന്ന്, കർഷകത്തൊഴിലാളികളും ആരുംതന്നെ ഈ നിയമം നടപ്പിലാക്കുന്നതിന് എതിരല്ല. നടപ്പിലാക്കുന്നതിന് എതിരായി പറയുന്ന ഒരു വാദം കർഷകത്തൊഴിലാളികളുടെ പ്രോവിഡന്റു ഫണ്ട് വ്യവസ്ഥ നടപ്പിലാക്കുന്നതിന് ഭൂരിപക്ഷം കർഷകത്തൊഴിലാളികൾക്കും അതിന്റെ ആനുകൂല്യം ലഭിക്കുകയില്ലെന്നുള്ളതാണ്. ലഭിക്കുകയില്ലെന്ന വാദഗതി ഉന്നയിക്കുന്ന സ്നേഹിതൻമാരോടു എനിക്കു പറയാനുള്ളത് ഈ കർഷകത്തൊഴിലാളി നിയമത്തിലെ 42-ാം വകുപ്പു ഭേദഗതിചെയ്താൽ മതിയെന്നാണ്. 42-ാം വകുപ്പിലാണ് ഒഴിവുകൾ എല്ലാം പറഞ്ഞിരിക്കുന്നത്. ഈ നിയമം ഏതിനെല്ലാം ബാധകമാകും, ഏതിനെല്ലാം ബാധകമാകുകയില്ലെന്നു വ്യവസ്ഥ ചെയ്യുന്നത് 42-ാം വകുപ്പിലാണ്. 42-ാം വകുപ്പിന് ഭേദഗതി കൊണ്ടുവന്നു ഈ സഭ അംഗീകരിച്ചാൽ ഭൂരിപക്ഷം കർഷകത്തൊഴിലാളികൾക്കും ഇതുകൊണ്ടുള്ള ഗുണം കിട്ടും. ഇന്നത്തെ പ്രോവിഡന്റ് ഫണ്ട് വ്യവസ്ഥയ്ക്കുമാത്രമല്ല കർഷകത്തൊഴിലാളികൾക്കു ആനുകൂല്യം ഉണ്ടാക്കാവുന്ന എല്ലാറ്റിനും ദോഷം ചെയ്യുന്നതാണ് ഈ 42-ാം

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ്. ഈ 42-ാം വകുപ്പിനു ഭേദഗതികൊണ്ടുവന്നു ആ വകുപ്പിൽ കൂടുതൽ തൊഴിലാളികൾ വരാനുള്ള സൗകര്യം ഭേദഗതിമൂലം ഉണ്ടാക്കിയാൽ ഭൂരിപക്ഷം കർഷകത്തൊഴിലാളികൾക്കും ഗുണമുണ്ടാകും. പ്രോവിഡൻറു ഫണ്ട് കിട്ടും. പ്രോവിഡൻറു ഫണ്ടിന് എതിരായിക്കൊണ്ടുവരുന്ന മറെറാരു വാദഗതിയുണ്ട്. ഇതിനുമുൻപു വേറെ ചില തൊഴിലാളി രംഗങ്ങളിൽ പ്രോവിഡൻറുഫണ്ടു കൊണ്ടുവരുന്ന അവസരത്തിലും ഇതേ വാദഗതി ഉന്നയിച്ചിരുന്നു. ചെത്തുവ്യവസായരംഗത്തു പ്രോവിഡൻറുഫണ്ടുകൊണ്ടുവരുമ്പോൾ ഉണ്ടായിരുന്ന വാദം, ചെത്തുതൊഴിലാളികൾ അക്കാര്യം ഉന്നയിച്ച അവസരത്തിൽ എല്ലാ ആളുകളും ഷാപ്പുടമസ്ഥൻമാരും ഗവൺമെൻറും എല്ലാം പറഞ്ഞിരുന്നത് ഇതു അപ്രായോഗികമാണ് നടപ്പിലാക്കാൻ കഴിയാത്തതാണെന്നാണ്. കാരണം കാലാകാലങ്ങളിൽ ഷാപ്പു ലേലം ചെയ്യുമ്പോൾ ഷാപ്പുടമസ്ഥൻമാർ മാറിക്കൊണ്ടിരിക്കും. അങ്ങനെ മാറിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ ഇത്തരം ഒരു വ്യവസായ രംഗത്തു ജോലിചെയ്യുന്ന തൊഴിലാളികൾക്കു പ്രോവിഡൻറുഫണ്ടു നടപ്പിലാക്കാൻ ബുദ്ധിമുട്ടാണ് എന്നായിരുന്നു. ഇങ്ങനെ ആ വ്യവസായരംഗത്തു ഇതു അപ്രായോഗികമാണെന്ന് അന്നു പറഞ്ഞ ആളുകൾക്ക് അതു പ്രായോഗികമാണെന്നു 69-ൽ തോന്നി. ഈ സഭയിൽ ഒരു നിയമം പാസാക്കി. ആ നിയമം കഴിഞ്ഞ 10 വർഷമായി നടപ്പിലായിക്കഴിഞ്ഞപ്പോഴെങ്കിലും ബോദ്ധ്യമായിക്കാണുമെന്നാണ് എൻെറ വിശ്വാസം. ആ രംഗത്തു നടപ്പിലാക്കാൻ അപ്രായോഗികമാണെന്നു പറഞ്ഞു, കൊണ്ടുവരാൻ കൂട്ടാക്കാത്ത നിയമം 1969-ൽ കൊണ്ടുവരികയും വിജയകരമായി നടപ്പിലാക്കുകയും ചെയ്തിട്ടുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. അതുകൊണ്ടു ഒരു രംഗത്തുനടപ്പിലായില്ലെന്നുള്ള കാരണം കൊണ്ടു ഇതിനെ സമീപിക്കാൻ സാദ്ധ്യമല്ല. പ്രായോഗികമായ വിഷമതകൾ ഉണ്ടാകാം. ആ പ്രായോഗികമായ വിഷമതകൾ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുനോക്കി അവയ്ക്കനുസരണമായ ഭേദഗതികളും അതു നടപ്പിലാക്കാൻ ആവശ്യമായ നിയമാവലിയും ഉണ്ടാക്കിയിട്ടുണ്ട്. അതിൽ അപ്രായോഗികതയെ സംബന്ധിച്ച് ഒന്നും പറഞ്ഞിട്ടില്ല. 1975 ആഗസ്റ്റ് മാസം 15-ാം തീയതിയാണ്, നല്ല ദിവസമാണ് അതിനു വേണ്ടി തെരഞ്ഞെടുത്തത്. 1975 ഒക്ടോബർ 2-ാം തീയതി ഗാന്ധിജയന്തി ദിവസം നടപ്പിലാക്കുമെന്നു പ്രഖ്യാപിച്ചു. 1975 ആഗസ്റ്റ്മാസത്തിൽ സ്വാതന്ത്ര്യദിനത്തിൽ പ്രോവിഡൻറുഫണ്ടു വ്യവസ്ഥയടങ്ങുന്ന നിയമാവലിയുണ്ടാക്കി. എന്നിട്ടും അതുനടപ്പിലാക്കാൻ കൂട്ടാക്കുന്നില്ല. ഈ നിയമത്തിനു കർഷകത്തൊഴിലാളികൾ ആകെ അനുകൂലമാണ്. എല്ലാ കർഷകത്തൊഴിലാളി യൂണിയനുകളും ശക്തിയായി ആവശ്യപ്പെടുന്നു, ഈ തൊഴിലാളികൾക്കുള്ള പ്രോവിഡൻറു ഫണ്ടു വ്യവസ്ഥ അടിയന്തിരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന്. അതായിരിക്കും യഥാർത്ഥത്തിൽ കേരളത്തിലെ കർഷകത്തൊഴിലാളികളോടു ചെയ്തിട്ടുള്ള വാഗ്ദാനം നിറവേറാൻ കഴിയുന്ന ഒരുസമീപനം. അതു ഈ ഗവൺമെൻറു സ്വീകരിക്കണമെന്നാണ് ഈ പ്രമേയത്തെ അനുകൂലിച്ചുക്കൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പി. പി. എസ്തോസ്: സർ, ഈ കർഷകത്തൊഴിലാളി നിയമത്തിലെ പ്രധാനപ്പെട്ട പ്രോവിഡൻറുഫണ്ട്, രജിസ്ട്രേഷൻ ഇവയെല്ലാം സംബന്ധിച്ചു ഏതാനും മണിക്കൂറുകൾക്കു മുൻപു ഈ സഭയിൽത്തന്നെ ഒരു ചോദ്യത്തിനു മറുപടി പറഞ്ഞപ്പോൾ ഈ നിയമം

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നതിനെ എതിർത്തുകൊണ്ടും നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും പല നിവേദനങ്ങളും കിട്ടിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എല്ലാ അടിസ്ഥാനപരമായ സാമൂഹ്യപരിഷ്ക്കാരങ്ങളുടെയും സ്ഥിതി ഇതുതന്നെയാണ്. കാർഷിക പരിഷ്കരണനിയമം കേരളാ നിയമസഭയിൽ 1957 ഡിസംബർ 18 ന് അവതരിപ്പിച്ചു. അന്ന് അതിനെതിരായി ഉയർന്നുവന്ന ശബ്ദകോലാഹലങ്ങളുടെ ഒരു ചെറിയ ഉദാഹരണം പറയാം. മാതൃഭൂമി പത്രത്തിൽ അക്കാലത്തു ആ നിയമം നടപ്പിലാക്കിയതിനെത്തുടർന്നുള്ള ഒരു സംഭവം പറഞ്ഞിരുന്നു. ഷൊർണ്ണൂരുള്ള ഒരു ലഷ്മിക്കുട്ടി വാരസ്യാർ പാട്ടം നഷ്ടപ്പെട്ടിട്ടുള്ളതിന്റെ ഫലമായി പട്ടിണികിടന്നു മരിച്ചെന്നു വലിയ തലക്കെട്ടിൽ ഒരു പരസ്യം മാതൃഭൂമിയിൽ വന്നു. ജൻമിമാർക്കുവേണ്ടി ആ നിയമത്തെ എതിർക്കാൻ ഈ കേരളത്തിൽ അരയും തലയും മുറുക്കി മുന്നോട്ടുവന്ന ശ്രീ. മന്നത്തുപത്മനാഭന്റെ അടക്കമുള്ള ആളുകളും വിമോചനസമരം അടക്കമുള്ള പ്രക്ഷോപണങ്ങളും നടത്തി. എങ്കിലും കേരളത്തിലെ ജനങ്ങളുടെ സംഘടിത ശക്തിയുടെയും സംഘടിത സമരങ്ങളുടെയും മുന്നിൽ എതിർത്ത എല്ലാ ശക്തികളേയും പരാജയപ്പെടുത്തിക്കൊണ്ടു കാർഷിക പരിഷ്കരണ നിയമം 13 വർഷത്തിനുശേഷമാണെങ്കിലും 1970-ൽ നടപ്പിലാക്കാൻ കഴിഞ്ഞു. ഈ നിയമം പാസ്സാക്കിയിട്ടും അതേസ്ഥിതി തന്നെയാണ്. ഈ നിയമം അന്നുകൊണ്ടുവന്നപ്പോൾ ഭരണകക്ഷിയെ പിന്താങ്ങുന്ന കേരളാ കോൺഗ്രസ്സിന്റെ വക്താവായിരുന്ന പരേതനായ ശ്രീ. ജോൺ ജേക്കബ് ഈ നിയമം നിയമസഭയിലല്ലാതെ പുറത്തു നടപ്പിലാക്കുകയില്ലെന്ന് വെല്ലുവിളിച്ചുകൊണ്ടു പ്രസംഗിച്ചതായി പത്രവാർത്തകളുണ്ടായിരുന്നു. ഈ നിയമത്തെ വളരെ ശക്തിയായി എതിർക്കുന്ന ആളുകൾ ഇന്നും ഉണ്ട്. നിയമസഭക്കകത്തുണ്ട്, പുറത്തുമുണ്ട്. ഈ എതിർപ്പുകൾക്കു മുന്നിൽ ബഹുമാനപ്പെട്ട മന്ത്രി ഇത്തവണ മുട്ടുമടക്കിയ ലക്ഷണമാണ്. ഇവിടെ ചോദ്യത്തിനു മറുപടി പറഞ്ഞപ്പോൾ എതിർത്തുകൊണ്ടുള്ള ചില പ്രസ്താവനകൾ വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള എതിർപ്പുകൾ സ്വാഭാവികമാണ്. ഒരു കാർഷിക സമ്പദ് വ്യവസ്ഥയിൽ സുപ്രധാനമായ അടിസ്ഥാന കണ്ണികളാണ് കർഷകനും കർഷകത്തൊഴിലാളിയും കോടിക്കണക്കിനു രൂപയുടെ പാട്ടവാര സമ്പ്രദായം അവസാനിപ്പിച്ചുകൊണ്ട് 35 ലക്ഷത്തോളം വരുന്ന കർഷകനു കൈവശഭൂമി സ്വന്തമായി കിട്ടിയ സ്ഥല്ത്തു, കാർഷിക പരിഷ്കരണ നിയമത്തിന്റെ ആനുകൂല്യം വിനിയോഗിക്കുന്ന കേരളത്തിലെ കൃഷിക്കാർക്ക്, കർഷകന്റെ മണ്ണ് ഫലഭൂയിഷ്ടമാക്കുന്ന 20 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികൾക്കു നക്കാപ്പിച്ചയെങ്കിലും കൊടുക്കാൻ കേരളത്തിലെ കർഷകർ തയ്യാറാകണം. കേരളത്തിലെ യഥാർത്ഥ കർഷകരെന്നു പറയുന്ന ആളുകൾ അതിനു തയ്യാറാകുമെന്നാണ് എന്റെ വിശ്വാസം. കൃഷിക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന ഒരാളെന്ന നിലയിൽ യഥാർത്ഥത്തിൽ മണ്ണിനോടു മല്ലടിക്കുന്ന കേരളത്തിലെ കൃഷിക്കാർ അതിനു തയ്യാറാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. പക്ഷേ പാടത്തിന്റെ വരമ്പത്ത് കൂടച്ചൂടി നിൽക്കുന്ന വടക്കനച്ചന്റെ വാക്കുകൾകടമെടുത്താൽ ഉണ്ടവയറൻമാരായ കർഷക മുതലാളിമാരുണ്ട്, അവരാണ് ഈ നിയമത്തെ എതിർക്കുന്നത്. അവരുടെ മുന്നിൽ ഈ ഗവൺമെൻറ് മുട്ടുമടക്കരുത്. ശക്തിയായി മുന്നോട്ടുപോകണം. ബഹുഭൂരിപക്ഷംവരുന്ന കർഷകരും കാർഷികത്തൊഴിലാളികളും യോജിച്ച് അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുമ്പോൾ മാത്രമാണ്; നമ്മുടെ കാർഷിക സമ്പദ്വ്യവസ്ഥ ശക്തിപ്പെടുത്താൻ കഴിയുക. അതുകൊണ്ടു അടിയന്തിരമായി നിയമം നടപ്പിലാക്കാൻ ശക്തിയായ നടപടികൾ സ്വീകരിക്കണമെന്ന് ഈ ഗവൺമെൻറിനോട് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. നാരായണൻ നായർ: സർ, ''പ്രമേയത്തിന്റെ അഞ്ചാമത്തെ വരിയുടെ ''അവസാനത്തെ'' അടിയന്തിരനടപടികളും'' എന്നതിനു ശേഷം'' ഉടനടി'' എന്നു ചേർത്തുകൊണ്ടു തുടരുക'' എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. വളരെ ആത്മാർത്ഥതയോടുകൂടിയാണ് ഈ നിയമം കഴിഞ്ഞ ഗവൺമെൻറിന്റെ ഭരണകാലത്തു കൊണ്ടുവന്നിട്ടുള്ളത്. ഇത് വളരെ ജാഗ്രതയോടുകൂടി ഈ രാജ്യത്തു നടപ്പാക്കുമെന്നും ഇത് കർഷകത്തൊഴിലാളികളുടെ മാഗ്നാകാർട്ടയാണെന്നും ഒക്കെ പറഞ്ഞതു ശരിയാണ്. ഈ പറയുന്ന സാങ്കേതികതടസ്സങ്ങളെല്ലാംതന്നെ അന്നും പറഞ്ഞിരുന്നു. എട്ടാം വകുപ്പു നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ട്, പ്രോവിഡൻറു ഫണ്ട് നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ട്, ഈ ബിൽ നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ട് എന്നുള്ള വാദഗതികളും അന്നും ഉണ്ടായിരുന്നു. എങ്കിലും ഇതു ഈ രാജ്യത്തു നടപ്പിലാക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹത്തോടുകൂടിയാണ് കൊണ്ടുവന്നത്. പിന്നെ എന്താണ് ഇത് ഇപ്പോൾ കോൾഡ് സ്റ്റോറേജിൽ പോകാൻ കാരണമെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. ഈ നിയമം നടപ്പിലാക്കണമെന്ന ആവശ്യം സംഘടിത കർഷകത്തൊഴിലാളികളും എല്ലാ സ്ഥലത്തും ആവശ്യപ്പെട്ടുകൊണ്ടിരുന്നു. പല സ്ഥലത്തും ഇതു നടപ്പാക്കാനുള്ള സാദ്ധ്യത അവർ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ പ്രമേയം അവതരിപ്പിച്ച ശ്രീമാൻ ശിവൻ, ഇത് ഞങ്ങളുടെ കോഴികൂവിയതു കൊണ്ടാണ് ഉണ്ടായതെന്നു പറഞ്ഞു. ഞങ്ങളുടെ കോഴി കൂവിയതു കൊണ്ടാണ് ഞങ്ങളുടെ പാർട്ടിയുടെ കർഷകത്തൊഴിലാളി വർഗ്ഗത്തിന്റെ സമരത്തിന്റെ ഫലമായിട്ടാണ് ഈ നിയമം കൊണ്ടുവന്നതെന്നു പറഞ്ഞു. അല്ല സർ. സർ, ഈ രാജ്യത്തെ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും കക്ഷിവ്യത്യാസം കൂടാതെ എല്ലാവരുടെയും സംഘടിതമായ സമരത്തിന്റെ ഫലമായിട്ടാണ് ഈ നിയമം കൊണ്ടുവന്നത്. എന്തെല്ലാം പ്രതിബന്ധങ്ങളുണ്ടായാലും ഇതു നടപ്പിലാക്കണമെന്ന ആത്മാർത്ഥമായ ഉദ്ദേശ്യത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നത് ഇപ്പോൾ സൂചിപ്പിച്ച സാങ്കേതികതടസ്സങ്ങൾ അപ്പോഴും പറഞ്ഞതാണ്. ഈ സാങ്കേതികതടസ്സങ്ങൾ പറഞ്ഞ് ഇത് കോൾഡു സ്റ്റോറേജിൽ വയ്ക്കരുത്. പ്രതിബന്ധങ്ങളെല്ലാം തട്ടിനീക്കിക്കൊണ്ട് ഇതു നടപ്പാക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഒരിക്കൽകൂടി ഞാൻ പിൻതാങ്ങുന്നു.

ശ്രീ. പി. ശങ്കർ: സർ, പ്രമേയത്തിൽ പറയുന്ന ''വരുത്താൻ കൂട്ടാക്കാത്തതിൽ ഈ സഭയ്ക്കുള്ള ആശങ്ക രേഖപ്പെടുത്തുന്നതോടൊപ്പം'' എന്നതിനെ ''വരുത്താനുള്ള തടസ്സങ്ങളെന്തുതന്നെയായാലും അവ പരിഹരിച്ചുകൊണ്ട്'' എന്നാക്കി മാറ്റുക എന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഞാൻ ഈ പ്രമേയത്തിന്റെ സ്പിരിറ്റിനോടു പൂർണ്ണമായും യോജിക്കുകയാണ്. പ്രസംഗത്തിൽ പറഞ്ഞകാര്യങ്ങളോട് എനിക്ക് അത്രയോജിപ്പില്ല. കൂട്ടാക്കാത്ത എന്നു പറഞ്ഞാൽ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യലാണ്. സർക്കാരിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യംചെയ്യാൻ ഞാനുദ്ദേശിക്കുന്നില്ല. ഇതു നടപ്പാക്കാത്തതിൽ ശക്തിയായ പ്രതിഷേധമുള്ള ഒരു സംഘടനയുടെ പ്രതിനിധിയാണ് ഞാൻ. ഇതുപോലെ ഒരു നിയമത്തിനുവേണ്ടി 1968-ൽ ഞങ്ങളും ഇവിടെ ഒരു പ്രകടനമൊക്കെ നടത്തി. ജോലിയും വേതനവും നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

കാര്യക്കുവേണ്ടി അന്നത്തെ മുഖ്യമന്ത്രി ഇ.എം.എസ്. ന്റെ മുമ്പിൽ ഞങ്ങൾ എത്തി. വീടിന്റെ കാര്യമൊക്കെ ഉണ്ടായിരുന്നു. അന്ന് അതിനു കിട്ടിയ മറുപടി അത്ര തൃപ്തികരമായിരുന്നില്ല. എങ്കിലും ഒരു നിയമം വന്നു. നിയമം കൊണ്ടുവന്നു. ഇത് വളരെയധികം പ്രസിദ്ധീകരണം നൽകപ്പെട്ടതുമാണ്. ആ പ്രസിദ്ധീകരണം നൽകിയതിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ള ഒരു കാര്യമാണ് ഈ പ്രോവിഡന്റ് ഫണ്ട്. ഈ നിയമം നടപ്പാക്കുന്ന കാര്യത്തെപ്പറ്റി ഇന്നു രാവിലെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെപറഞ്ഞു. നടപ്പാക്കിയതിലുള്ള പോരായ്മകൾ ഇന്ന് വളരെ വലിയ പ്രശ്നമാണ്. രജിസ്റ്റർ ചെയ്യുന്നു എന്നു പറയുന്നു. രജിസ്റ്റർ ചെയ്തതൊക്കെ കടലാസിലാണ്. വാങ്ങിച്ചു വച്ചിട്ടേയുള്ളു. രജിസ്ട്രാറെ നിയമിച്ചിട്ടില്ല.

ശ്രീ. പി. പി. എസ് തോമസ്: പല പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറൻമാരും ഈ കടലാസു വാങ്ങിക്കുന്നില്ല, വാങ്ങിക്കുന്നത് വലിച്ചു കീറിക്കളയുന്നു എന്നുള്ള കാര്യം അറിയാമോ?

ശ്രീ. പി. ശങ്കർ: വലിച്ചുകീറിക്കളഞ്ഞിട്ടുണ്ടോയെന്ന് അറിഞ്ഞുകൂടാ. കീറിക്കളഞ്ഞവർ അതു കൊണ്ടുവരണം. പക്ഷേ, ആരൊക്കെയാണ് രജിസ്റ്റർ ചെയ്തത് എന്നുള്ള കാര്യം സംശയമാണ്. 20 ലക്ഷത്തോളം കർഷകത്തൊഴിലാളികളിൽ രജിസ്റ്റർ ചെയ്തത് ആറുലക്ഷത്തിൽ പരമാണ്. അതിൽത്തന്നെ അച്ചുതമേനോന്റെ കൃഷിസ്ഥലത്ത് പോലീസുകാരൻ രജിസ്റ്റർ ചെയ്ത കഥയും ഉണ്ട്. ഇതൊക്കെ പരിശോധിക്കണം. ഇതൊക്കെ പരിശോധനയർഹിക്കുന്ന കാര്യങ്ങളാണ്, പരിശോധിക്കണം. അങ്ങനെപറഞ്ഞാൽ ഒരുപാടുകാര്യങ്ങളും പറയാനുണ്ട്.

പ്രോവിഡന്റ് ഫണ്ടിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട ലേബർ മിനിസ്റ്റർ ഒരിക്കൽ പാലക്കാട്ടു ഒരു കോൺഫറൻസിൽവച്ച് നടപ്പാക്കാനുള്ള ബുദ്ധിമുട്ടുകളെപ്പറ്റി പറഞ്ഞു. അതിൽ ഒന്നു പറഞ്ഞത്, ബഹുമാനപ്പെട്ട എം.കെ. കൃഷ്ണൻ സംസ്ഥാരിച്ച വകുപ്പാണ്. ആ വകുപ്പു ഭേദഗതിചെയ്താലെ രക്ഷപ്പെടുള്ളു എന്നു പ്രശ്നമുണ്ട്. അതിനുള്ള സ്റ്റാഫും കാര്യങ്ങളുമൊക്കെ വരുമ്പോൾ ഇത് സർക്കാരിന് ഒരു വലിയ ബാദ്ധ്യതയും നടപ്പാക്കാൻ ബുദ്ധിമുട്ടും ഉണ്ടാകും. ആ നിലയിൽ വളരെ എളുപ്പം നടപ്പാക്കാവുന്ന ഒരു ക്ഷേമനിധിയുടെ കാര്യം പറഞ്ഞു. ക്ഷേമനിധിയെങ്കിൽ ക്ഷേമനിധി. അതിന് എന്താണ് ഒരു നിർദ്ദേശം. നിർദ്ദേശം ഒന്നു നമുക്കു കിട്ടണ്ടേ. ഇതുവരെ കിട്ടിയിട്ടില്ല. അതുകൊണ്ട് കർഷകത്തൊഴിലാളി സംഘടനകളെ സംബന്ധിച്ചിടത്തോളം ഇന്ന് ഉറച്ചുറച്ച് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത് ഈ പ്രോവിഡന്റു ഫണ്ടു പദ്ധതി നടപ്പാക്കണമെന്നുള്ളതാണ്. കാർണ്ണം, മറൊരു ആംപ്ലോയർനോറ്റീവ് പറഞ്ഞതുകൊണ്ടു പ്രയോജനമില്ല. ഇതിനേക്കാൾ മെച്ചമാണെങ്കിൽ നടപ്പാക്കിയാൽ മതി. അതൊന്നുമില്ലാതെ വകരം ഒന്നു വരുന്നു എന്നു പറയുന്നതുകൊണ്ട് ഉള്ളതു കളയാൻ ഏതായാലും പറ്റുകയില്ലെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. ഇത് നിയമപരമായി അംഗീകരിച്ചതാണ്. പ്രമേയം മുഖേന ആവശ്യപ്പെടേണ്ട കാര്യമല്ല. നിയമംമൂലം അംഗീകരിച്ചിട്ടുള്ള ഒരു കാര്യം നടപ്പാക്കണമെന്ന് ആവശ്യപ്പെടേണ്ടിവന്നതുതന്നെ വാസ്തവത്തിൽ മനസ്സിന് വിഷമമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

.. അതിനിടയ്ക്ക് പല ക്ഷേമനിധികളും ഇവിടെ വന്നു. ചുമട്ടു കാർക്കും വക്കീലൻമാർക്കും ഒക്കെ ക്ഷേമനിധി വന്നു. എന്നാൽ ദരിദ്ര നാരായണൻമാർ എന്നുപറയുന്ന 20 ലക്ഷം കർഷകത്തൊഴിലാളികൾക്ക് ഉണ്ടാക്കിയിട്ടുണ്ടെന്നു പറയുന്ന ഈ പ്രോവിഡൻറു ഫണ്ടു പദ്ധതി ഇന്ന് ഫണ്ടുമില്ല, പദ്ധതിയുമില്ല എന്ന മട്ടിലാണ് നിൽക്കുന്നത്. അതു കൊണ്ട് നമ്മുടെ പുതിയ തൊഴിൽമന്ത്രി കുറച്ചുകൂടി ഉഷാറായി ഈ കാര്യം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കണം. 14.ാം തീയതി യോഗം കൂടുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഉണ്ടാകുമെന്നു വിചാരിച്ചു. അപ്പോൾ ഇതിൽ ഒരു തീരുമാനം ഉണ്ടാകുമെന്നും വിചാരിച്ചു. നിർഭാഗ്യ വശാൽ 14.ാം തീയതിയിലെ കോൺഫറൻസിൽ മന്ത്രിയെ കണ്ടതുമില്ല, കുറെ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ടെന്ന ലേബർ കമ്മീഷണറുടെ മറുപടിയുമാണ് ലഭിച്ചത്. അതുകൊണ്ട് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ഒരു ഉറപ്പു ഇപ്പോൾ തന്നെ കിട്ടുമെന്ന പ്രതീക്ഷയോടുകൂടി ഈ പ്രോവിഡൻറു ഫണ്ട് ഉടനടി നടപ്പാക്കണമെന്ന ആവശ്യത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, 1970-ൽ ഇവിടെ നിലവിൽ വന്ന ഗവൺമെൻറാണ് നമ്മുടെ സംസ്ഥാനത്ത് പുരോഗമനപരമായ പല നിയമങ്ങളും കൊണ്ടുവന്നിട്ടുള്ളത്. സാമൂഹ്യമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ സഹായിക്കുന്നതിന്നുവേണ്ടി വളരെയധികം നിയമനിർമ്മാണങ്ങൾ ആ സർക്കാർ നടത്തി. അതിൽപെട്ട ഒരു നിയമമാണ് കർഷകത്തൊഴിലാളികളുടെ സംരക്ഷണത്തിനും അവരുടെ ഭാവിക്ക് ഉറപ്പ് നൽകുന്നതുമായ കർഷകത്തൊഴിലാളി നിയമം. ആ നിയമത്തിൻെറ നട്ടെല്ല് എന്നു പറയുന്നത് കർഷകത്തൊഴിലാളികൾക്കുള്ള പ്രോവിഡൻറ് ഫണ്ടിനെ സംബന്ധിച്ച സെക്ഷനാണ്. നമുക്കറിയാം ഗ്രാമപ്രദേശങ്ങളിലെ കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ആരോഗ്യമുള്ള കാലം മുഴുവൻ ജോലി ചെയ്ത് വാർദ്ധക്യത്തിലെത്തുന്ന അവസരത്തിൽ ജീവിക്കാൻ മാർഗ്ഗമൊന്നും കാണാതെ കഷ്ടപ്പെടുന്നവർ. ആശാകേന്ദ്രമായി ഉറ്റു നോക്കിക്കൊണ്ടിരിക്കുന്ന ഒരു വ്യവസ്ഥയാണ് ഈ പ്രോവിഡൻറുഫണ്ട് എന്ന വസ്തുത നിഷേധിക്കാൻ പറ്റുകയില്ല. അങ്ങനെ ആ നിയമത്തിലെ ഏറ്റവും പുരോഗമനപരമായ ഒരു സെക്ഷനാണ് ഇതെന്നുള്ള വസ്തുതകൂടി വിസ്മരിച്ചുകൊണ്ടാണ് ഈ ഗവൺമെൻറ് ഇതുവരെയും പ്രവർത്തിച്ചിട്ടുള്ളത്.

സർ, ഇതുപോലെ പല നിയമങ്ങളും ഈ സഭ പാസ്സാക്കിയിട്ടുണ്ട്. അങ്ങനെ പാസ്സാക്കി നടപ്പിലാക്കാത്ത ഒന്നു രണ്ടു നിയമങ്ങളുടെ കാര്യം ഈ അവസരത്തിൽ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. അടിമപ്പണി നിരുത്തുന്നതിനുള്ള നിയമം, ആദിവാസികളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി തിരിച്ചെടുത്തു ആദിവാസികൾക്കു നൽകുന്നതിനുള്ള നിയമം, ഇങ്ങനെ പല പുരോഗമനപരങ്ങളായ നിയമങ്ങളും ഇവിടെ പാസ്സാക്കിയിട്ടുണ്ടെങ്കിലും ആ പുരോഗമനപരങ്ങളായ നിയമങ്ങളൊന്നുംതന്നെ ഇവിടെ നടപ്പിലാക്കാൻ വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല. പ്രചരണത്തിനുവേണ്ടി മാത്രമായി നിയമങ്ങൾ പാസ്സാക്കുന്ന ഏർപ്പാടു നിരുത്തണം. പുരോഗമനപരമായ നിയമങ്ങൾ പാസ്സാക്കിയാൽ ആ നിയമവും നിയമത്തിലെ എല്ലാ വകുപ്പുകളും നടപ്പിലാക്കാൻ ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. ഫ്രാൻസിസ്: സർ, ഞാൻ ഭേഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ മൂന്നാമത്തെ വരിയിൽ ''കൂട്ടാക്കാത്തതിൽ'' എന്നതിനു പകരം ''സാധിക്കാത്തതിൽ'' എന്നാക്കി മാറ്റം വരുത്തേണ്ടതാണ്.

നമ്മുടെ നിയമസഭയിൽ പാസ്സാക്കിയിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ ഒരു നിയമനിർമ്മാണമാണ് കർഷകത്തൊഴിലാളി ബിൽ. ഈ ബിൽ പാസ്സാക്കുമ്പോഴും ഒരു പറ നെല്ലിന് 20 രൂപയും 22 രൂപയും വിലയുള്ള കാലമായിരുന്നു. ആ വില പുറകോട്ടു പോയതുകൊണ്ട് കർഷകർക്ക് വളരെ ബുദ്ധിമുട്ടുണ്ട്. എന്നിരുന്നാലും ഈ നിയമം ഉടനെ പാസ്സാക്കേണ്ടത് വളരെ അത്യാവശ്യമാണ്. നിയമങ്ങളും പാസ്സാക്കി അത് നടപ്പിൽ വരുത്തുന്നില്ല എന്നുള്ളത് വളരെയധികം പോരായ്മകളും ഉള്ള കാര്യമാണ്. അതുകൊണ്ട് ഈ നിയമം നടപ്പിലാക്കാൻ ഗവൺമെൻറ് കുറെക്കൂടി ശക്തമായി നീങ്ങിയില്ലെങ്കിൽ ഈ നിയമത്തെ പരാജയപ്പെടുത്താൻ എല്ലാ ഗൂഢശക്തികളും പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന കർഷകത്തൊഴിലാളികളെ, ഈ പാവങ്ങളെ, മണ്ണിന്റെ മക്കളെ, രക്ഷിക്കുന്നതിനു വേണ്ടി കുറെക്കൂടി ശക്തമായി ഗവൺമെൻറ് മുന്നോട്ടുവന്ന് ഈ നിയമം നടപ്പിലാക്കണമെന്നു മാത്രം ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. പി. ബി. ആർ. പിള്ള: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഭേഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ ''ഈ സഭയ്ക്കുള്ള'' എന്നതിനുശേഷം ''ആശങ്ക'' എന്നുമാറ്റി ''പ്രതിഷേധം'' എന്നുചേർത്ത് ഭേഗതി വരുത്തേണ്ടതാണ്.

ഈ പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് ബഹുമാനപ്പെട്ട ശ്രീ. പി.ശങ്കർ ഇവിടെ പ്രസംഗിക്കുന്നതു കേട്ടപ്പോഴും വളരെയധികം സഹതാപമാണ് തോന്നിയത്. അദ്ദേഹം ഈ പ്രമേയത്തിന്റെ സ്പിരിട്ടിനോട് യോജിക്കുന്നു; പക്ഷേ ഈ പ്രമേയത്തിന്റെ ആവശ്യമില്ലെന്നാണ്. ഇതിനെ എതിർക്കാൻ ധൈര്യമില്ല. തുറന്ന്, അനുകൂലിക്കാനും സാധിക്കുന്നില്ല. കയ്ച്ചിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനുംമേല; എന്നുള്ള ഒരു ഗതികേട് ശ്രീ. ശങ്കറിനു മാത്രമല്ല അപ്പുറത്തിരിക്കുന്ന ഭരണകക്ഷി സുഹൃത്തുക്കളിൽ മൊത്തത്തിൽ കാണുന്നത് വളരെ ഖേദകരമാണ്. ചില നല്ല കുടുംബത്തിൽ പിറന്ന ദുരഭിമാനികളും, അൽപ്പമൊക്കെ മദ്യപിക്കുന്ന ആളുകളും, മദ്യഷാപ്പുകളുടെ വാതിൽക്കൽ ചെല്ലുമ്പോഴും ഒരു ആശങ്ക, അങ്ങോട്ട് കയറണമോ, അൽപം മദ്യം വിടണമോ; വല്ലവരും കണ്ടാൽ എന്തു പറയും, എന്ന മട്ടിൽ അറച്ചറച്ചു നിൽക്കുന്നു. അവസാനം തലയിൽ തുണിയുമിട്ട് പുറംവാതിലിലൂടെ അകത്തേക്ക് ഒളിച്ചുകയറുന്നതു പോലെയാണ് ഈ പ്രമേയത്തെ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളും സമീപിക്കുന്നതെന്ന് പറയുന്നതിൽ ക്ഷമിക്കണം. സർ, കർഷകത്തൊഴിലാളികളുടെ മാഗ്നാകാർട്ടയാണ് ഈ ബില്ലെന്ന് അവകാശപ്പെടുന്ന, ഏറ്റവും കൂടുതൽ ഉച്ചത്തിൽ കർഷകത്തൊഴിലാളികൾക്കുവേണ്ടി, സൊസൈറ്റിയുടെ അടിത്തട്ടിൽ കിടക്കുന്നവർക്കുവേണ്ടി, ഞങ്ങളാ ഇന്നയിന്നത് ചെയ്തുവെന്ന് വീമ്പടിച്ച, അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളും, ആ കർഷകത്തൊഴിലാളി നിയമം ആര് കൊണ്ടുവന്നു, എങ്ങിനെ കൊണ്ടുവന്നു, എന്തുകൊണ്ട് നിയമം നടപ്പിലാക്കുന്നില്ല, ആ നിയമം പാസ്സാക്കുമ്പോഴും അന്ന് എതിർത്തിരുന്ന ആളുകളും ഇന്ന് എവിടെ നിൽക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആ എതിർത്തിരുന്ന ആളുകൾ ഉൾക്കൊള്ളുന്ന ഈ ഗവൺമെൻറിന് തൊഴിലാളികളെ സ്പർശിക്കുന്ന പല കാര്യങ്ങളും ചെയ്യാൻ സാധ്യമല്ലെന്നുള്ളത സത്യമാണ്. സർ, ഞാൻ ഉദ്ദേശിക്കുന്നത് ഇന്നത്തെ ഭരണകക്ഷിയിലെ പ്രധാന പങ്കാളികളായ കേരളാകോൺഗ്രസ്സിനെയാണ്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ബീഹാറിൽ കർഷകത്തൊഴിലാളികളെ ജീവനോടെ കൈയും കാലും കെട്ടി തീയിലിട്ട്.....

ശ്രീ. പി. ബി. ആർ. പിള്ള: ആ അനുശോചനം സ്വന്തം പാർട്ടിയിലെ നേതാക്കൻമാരെ അറിയിച്ചാൽ മതി. അടിയന്തിരാവസ്ഥക്കാലത്ത് എവിടെയായിരുന്നു, ഈ രാജ്യത്ത് കർഷകത്തൊഴിലാളികളേയും ഹരിജനങ്ങളേയും കൊല്ലാക്കൊല നടത്തിയകാലത്ത് ബഹുമാനപ്പെട്ട മെമ്പറുടെ വായിലെ നാവ് എവിടെയായിരുന്നു. അതുകൊണ്ട് എന്നെക്കൊണ്ട് അതൊന്നും പറയിപ്പിക്കേണ്ട. ആ വിഴുപ്പുകൂടി ഇവിടെ അഴിക്കാതെയിരിക്കുന്നതായിരിക്കും ഭംഗിയെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

എന്തായാലും ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളം ഇത് പാസാക്കിക്കൊടുക്കാനുള്ള സൻമനസ്സ് ഈ ഗവൺമെൻറ് പ്രകടിപ്പിക്കുകയില്ല. കർഷകത്തൊഴിലാളിനിയമം ഈ സഭയിൽ ചർച്ചയ്ക്കു വന്ന സമയത്ത് ഈ നിയമത്തെ നഖശിഖാന്തം എതിർക്കുകയും അതിൽ പ്രതിഷേധിച്ച് മേൽവസ്ത്രമെല്ലാം ഊരി ഒറമുണ്ടോടുകൂടി സഭയിൽ പങ്കെടുക്കുകയും ചെയ്ത കർഷകനേതാവിന്റെ കക്ഷിയിൽപ്പെട്ട ആളുകളൊക്കെക്കൂടിയാണ് ഈ ഗവൺമെൻറ് ഭരിക്കുന്നത്. അതുകൊണ്ട് അങ്ങനെയുള്ള ആളുകൾ ഭരിക്കുന്ന ഈ ഗവൺമെൻറ് കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ശക്തമായ അനുകൂലനടപടികൾ സ്വീകരിക്കുകയില്ല. ഈ നിയമം ഗവൺമെൻറിന്റെ സൻമനസ്സുകൊണ്ട് ഉണ്ടായി എന്ന് ഞങ്ങളൊക്കെ വിശ്വസിക്കണമോ? സർ, ഈ രാജ്യത്ത് കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവകാശങ്ങൾക്കുവേണ്ടി സംഘടിതമായ നിരവധി, നിരവധി പ്രക്ഷോഭണങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. നിരവധി യാതനകളും വേദനകളും സഹിച്ച രക്തസാക്ഷികൾ ഈ രാജ്യത്ത് ഉണ്ടായതിന്റെ ഫലമായിട്ട്, ഈ ഗവൺമെൻറിന് അതിൽ ഒഴിഞ്ഞുമാറാൻ സാദ്ധ്യമല്ലാത്ത സാഹചര്യത്തിലാണ് ഈ രാജ്യത്ത് കർഷകത്തൊഴിലാളികൾക്ക് സംരക്ഷണവും തൊഴിലിന് ഉറപ്പും നൽകുന്ന ഒരു നിയമം പാസാക്കിയത്. ഈ നിയമത്തിന്റെ സ്പിരിട്ടിനെ ഇല്ലാതാക്കുന്ന വിധത്തിൽ, അതിനെ മാനിക്കാതെ കർഷകത്തൊഴിലാളികൾക്ക് പ്രോവിഡൻറ് ഫണ്ട് നൽകുന്ന കാര്യത്തിൽ, ഇനിയും അത് ഇംപ്ലിമെൻറ് ചെയ്യുന്ന കാര്യത്തിൽ ഇത്ര വളരെ ആലോചിക്കാൻ എന്താണുള്ളത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ഈ നിയമത്തിലെ, ഈ പ്രമേയത്തിന്റെ സ്പിരിട്ട് മനസ്സിലാക്കിക്കൊണ്ട്, കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ അവശതകൾ കണക്കിലെടുത്തുകൊണ്ട്, അവർക്ക് എന്ത് ഉദ്ദേശത്തോടുകൂടി ഈ നിയമം കൊണ്ടുവന്നോ ആ ഉദ്ദേശ്യം നടക്കാൻ ഇതൊരു വിവാദ വിഷയമാക്കാതെ ബഹുമാനപ്പെട്ട മന്ത്രി ഇത് അംഗീകരിക്കണം; ഉടൻതന്നെ പ്രമേയം അംഗീകരിച്ച് നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ജെ. ചാക്കോ: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുകയാണ്.

പ്രമേയത്തിൽ ''പ്രാബല്യത്തിൽ വരുത്താൻ'' എന്നതിനുശേഷം കൂട്ടാക്കാത്തതിൽ എന്ന വാക്കിനു പകരം ''സാധിക്കാത്തതിൽ'' എന്ന വാക്കുചേർത്ത് പ്രമേയം പൂരിപ്പിക്കണം.

സാധിക്കാത്തതിൽ എന്നു ഞാൻ ചേർത്തത് സ്വൽപം മനഃപൂർവ്വം തന്നെയാണ്. ഈ ബിൽ പാസ്സാക്കിയ 1974 കാലഘട്ടത്തിലേക്ക് എന്റെ ഓർമ്മ കയറിപ്പോകുകയാണ്. കാരണം ഇന്നിവിടെയിരിക്കുന്ന ശ്രീ. പി.ബി.ആർ. പിള്ളയ്ക്ക് അതിനെപ്പറ്റി ഓർമ്മ കാണും. അദ്ദേഹത്തിനു മുൻപു ഇവിടെ പ്രസംഗിച്ച ശ്രീ. എസ്തോസിന് ഈ കാര്യത്തെപ്പറ്റി വലിയ ഓർമ്മയൊന്നും കാണാൻ ന്യായമില്ല. അദ്ദേഹം അന്ന് മെമ്പറല്ലായിരുന്നു. ഈ കർഷകത്തൊഴിലാളി നിയമത്തെ എന്റെ പാർട്ടി ഇവിടെ എതിർക്കുകയായിരുന്നു എന്ന് പി.ബി.ആർ. പിള്ള പറയുന്നതു കേട്ടു. സർ, വളരെ വ്യക്തമായി പറയാൻ ഞാനാഗ്രഹിക്കുന്നു, ഈ സ്നേഹം വാക്കിൽ മാത്രമല്ല പ്രവൃത്തിയിലൂടെയും കർഷകത്തൊഴിലാളികളോടു കാണിക്കുന്ന എന്റെ രാഷ്ട്രീയ പാർട്ടി കർഷകത്തൊഴിലാളി ബില്ലിനോട് പൊതുവെ എതിർപ്പല്ല പ്രകടിപ്പിച്ചത്, ചില വകുപ്പുകൾ, പ്രത്യേകിച്ചും കർഷകത്തൊഴിലാളികൾക്കും കർഷകർക്കും ദ്രോഹകരമായ ചില വകുപ്പുകൾ ഉൾക്കൊണ്ടിട്ടുണ്ട് എന്നുള്ള അടിസ്ഥാനപരമായ കാരണത്തിന്റെ പേരിൽ ഞങ്ങൾ എതിർത്തിട്ടുണ്ട്. പല വകുപ്പുകൾക്കും അന്ന് ഭേദഗതി കൊടുത്തിട്ടുണ്ട്. വകുപ്പിന് ഭേദഗതി കൊടുത്തതിൽ പ്രൊവിഡൻറ് ഫണ്ടിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഭേദഗതി കൊടുത്തിരുന്നു. അതേപ്പറ്റി ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. ഞങ്ങൾ അന്ന് പ്രൊവിഡൻറ് ഫണ്ടിനെപ്പറ്റി പറഞ്ഞ അവസരത്തിൽ അതു നടന്നുകൊള്ളും, നടത്താൻ പ്രയാസം ഉണ്ടാകുകയില്ല, പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാകുകയില്ല എന്നൊക്കെയാണ് മന്ത്രി പറഞ്ഞത്. പക്ഷേ ഈ പ്രൊവിഡൻറ് ഫണ്ട് കൊയ്ത്തുകൂലിയെ സംബന്ധിച്ചിടത്തോളം, കൊയ്ത്തിന് നെല്ലാണ് പതമായി കൊടുക്കുന്നത് എല്ലാ ഭാഗത്തും, അതിൽനിന്ന് പ്രൊവിഡൻറ് ഫണ്ട് പിരിക്കുക എന്നു പറഞ്ഞാൽ നടപ്പുള്ള കാര്യമല്ല, അതു പ്രായോഗികമായ കാര്യമല്ല, അതൊരിക്കലും നടക്കാൻ പോകുന്നില്ല. എത്രമാത്രം സ്നേഹം ഭാവിച്ചുകൊണ്ട് കർഷകത്തൊഴിലാളികളെ ഉദ്ധരിക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹത്തോടുകൂടി പ്രവർത്തിച്ചാലും നടപ്പില്ലാത്ത കാര്യമാണ്, എന്നുള്ള നിലയിലാണ് ഞങ്ങൾ അന്നും സംസാരിച്ചത്. പക്ഷേ ഇന്ന് അവിടെയിരിക്കുന്ന ആളുകൾ സംസാരിച്ച അവസരത്തിൽ ഞങ്ങളുടെ പാർട്ടി കർഷകത്തൊഴിലാളികളെ മുഴുവൻ ദ്രോഹിക്കുന്ന പാർട്ടിയാണ്, കർഷകത്തൊഴിലാളികൾക്ക് അനുകൂലമായ ഒരു ബിൽ നിയമമാക്കാൻ ശ്രമിച്ച അവസരത്തിൽ അതിനെ എതിർത്ത പാർട്ടിയാണ് എന്നൊക്കെ പറഞ്ഞ് തരംതാഴ്ത്താൻ ആരും ശ്രമിക്കേണ്ട. ഞാൻ വളരെ അവകാശവാദത്തോടും അഭിമാനത്തോടും പറയാനാഗ്രഹിക്കുകയാണ്, കർഷകത്തൊഴിലാളികൾക്ക് ഇന്ന് കേരളത്തിൽ എവിടെയെങ്കിലും കൂടുതൽ കൂലി കിട്ടുന്നെങ്കിൽ അത് ചങ്ങനാശ്ശേരി കുട്ടനാട് മുതലായ ഞങ്ങളുടെ പാർട്ടിക്ക് ഏറ്റവും ഭൂരിപക്ഷമുള്ള പ്രദേശങ്ങളിലാണ്. പുരുഷ തൊഴിലാളികൾക്ക് 10 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 7 രൂപയും കൊടുത്തുകൊണ്ട് അവരുമായി ആത്മാർത്ഥമായി സഹകരിക്കുകയും അവരുടെ പ്രശ്നങ്ങളിൽ ആത്മാർത്ഥമായി സഹകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ പാർട്ടിയിലെ ഒരു എളിയ അംഗമെന്ന നിലയിൽ എനിക്ക് അഭിമാനത്തോടുകൂടി പറയാൻ അവകാശമുണ്ട്. അങ്ങേഭാഗത്തിരുന്നുകൊണ്ട് കർഷകത്തൊഴിലാളികൾക്കും മറ്റു തൊഴിലാളികൾക്കുംവേണ്ടി വാക്കിലൂടെ സ്നേഹപ്രകടനം നടത്തുന്ന വ്യക്തികൾ, പാർട്ടികൾ, അവർക്കു ഭൂരിപക്ഷവും അവർ നിയന്ത്രിക്കുന്ന തൊഴിലാളി സംഘടനകളുമുള്ള ഭാഗത്ത്, കണ്ണൂരും പാലക്കാടും എത്രമാത്രം കൂലികൊടുക്കുന്നുണ്ടെന്നും; അവിടെ എത്രമാത്രം കൂടുതൽ സമയം ജോലി ചെയ്യിക്കുന്നു എന്നും ഉള്ള കാര്യം ഒന്ന് ആത്മപരിശോധന നടത്തണമെന്ന് അവരോട് അഭ്യർത്ഥിക്കാൻ ഞാനാഗ്രഹിക്കുകയാണ്. സർ, കർഷകത്തൊഴിലാളി ബില്ലിലെ 8-ാം വകുപ്പിൽ പറയുന്ന പ്രോവിഡൻറ് ഫണ്ടിന്റെ കാര്യത്തിൽ കൊയ്ത്തിന് കൊടുക്കുന്ന കൂലിക്ക്, പതമായി കൊടുക്കുന്ന നെല്ലിൽനിന്ന്, പ്രോവിഡൻറ് ഫണ്ട് പിരിക്കുക എന്നുള്ളതാ ഈ മന്ത്രിയല്ല മുൻ മന്ത്രിയായിരുന്നാലും ഇനി വരാൻ പോകുന്ന ഏതു മന്ത്രി വിചാരിച്ചാലും സാധിക്കുകയില്ല, സാധിക്കുകയില്ല; സാധിക്കുകയില്ലായെന്നും അതുകൊണ്ട് പ്രായോഗികമായി ബുദ്ധിമുട്ടുള്ള ഇക്കാര്യങ്ങൾ ഒഴിവാക്കിക്കൊണ്ട് കർഷകത്തൊഴിലാളികൾക്ക് അനുകൂലമായ ആശ്വാസം നൽകുന്ന വകുപ്പുകൾ ഉടനടി നടപ്പിലാക്കാൻ വേണ്ടി സത്വര നടപടികൾ ഗവൺമെൻറ് സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി ഒരിക്കൽകൂടി പ്രസ്സ് ചെയ്തുകൊണ്ട് അവസാനിപ്പിക്കുന്നു.

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പാർട്ടിയുടെ കാഴ്ചപ്പാടും കർഷകർക്കുവേണ്ടി ആ പാർട്ടി നടത്തിയ യജ്ഞത്തിന്റെ ചരിത്രവുമാണ് ആമുഖമായി പറഞ്ഞത്. കർഷകത്തൊഴിലാളി നിയമം കൊണ്ടുവരുന്നതിനു തങ്ങൾക്കു സാധിച്ചിട്ടില്ലെന്നു ഖേദപൂർവ്വം ഓർമ്മിച്ചത്. ഏതായാലും നന്നായി. പക്ഷേ ഇത്തരമൊരു നിയമനിർമ്മാണംകൊണ്ടുവരുന്നതിന് ഗവൺമെൻറിനെ പ്രേരിപ്പിച്ചത് നിരന്തരമായി നടത്തിയ കർഷകത്തൊഴിലാളികളുടെ പ്രക്ഷോഭണമായിരുന്നു എന്നദ്ദേഹം എടുത്തു പറഞ്ഞത് അദ്ദേഹത്തിന്റെ പാർട്ടിക്ക് ഏതെങ്കിലും തരത്തിൽ ഗുണംചെയ്യുമെന്നുണ്ടെങ്കിൽ അതു ഞാൻ നിഷേധിക്കുന്നില്ല. ഏതായാലും ഒരു വസ്തുത വ്യക്തമാണു സർ, കർഷകത്തൊഴിലാളികളുടെ ജീവാത്മാക്കളും പരമാത്മാക്കളും തങ്ങളാണെന്ന് അവസരത്തിലും അനവസരത്തിലുമെല്ലാം പ്രഖ്യാപനം ചെയ്യുന്ന ആളുകൾക്ക് ഭരിക്കാനും നിയമനിർമ്മാണം കൊണ്ടുവരാനുമുള്ള സന്ദർഭമുണ്ടായിട്ടും കൊണ്ടുവന്നില്ലെന്നുള്ള വസ്തുത മറച്ചുവയ്ക്കാൻ ഇന്നുവരെ അവർക്കു സാധിച്ചിട്ടില്ല. അത് കർഷകത്തൊഴിലാളികളുടെ മുൻപിലും പറയാൻ കൊള്ളുന്ന കാര്യമല്ല. പിന്നെ പറയാൻ കൊള്ളുന്ന ഒരു കാര്യം ഇതുമാത്രമാണ്. കർഷകത്തൊഴിലാളി നിയമത്തിന്റെ ഒരു ഖണ്ഡികയിൽ പറയുന്ന പ്രോവിഡൻറ് ഫണ്ട് നടപ്പിലാക്കുന്നതിന് താമസംവരുത്തുന്നു! ഇങ്ങനെ ഉച്ചത്തിൽ പ്രചരണംനടത്തുന്നതിനുവേണ്ടി മാത്രം കൊണ്ടുവന്ന ഒരു പ്രമേയമല്ലേ ഇതെന്നു മനസ്സിലാക്കുന്നതിന് ഈ പ്രമേയം വായിച്ചാൽമതി; മറ്റൊരു വാദഗതിയും വേണ്ട. അവർ ചെയ്യേണ്ടിയിരുന്നത് ഈ ഗവൺമെൻറ് ചെയ്യുകയും അതുവഴി കർഷകത്തൊഴിലാളികൾക്ക് ആശ്വാസം കിട്ടുകയും ചെയ്യുന്ന ഈ പരിതഃസ്ഥിതിയിൽ അവരുടെ മുഖം രക്ഷിക്കാൻ. ഇതല്ലാതെ വേറെ ഒരു മാർഗ്ഗവുമില്ല. അതുകൊണ്ടാണ് ഈ പ്രമേയം ഇവിടെ കൊണ്ടുവരാനിടയായത്. സർ, ഈ സമ്മേളനം

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചതുമുതൽ കർഷകത്തൊഴിലാളി നിയമത്തിലെ പ്രോവിഡൻറ് ഫണ്ട് പദ്ധതി നടപ്പാക്കുന്നതിനു ചില ബുദ്ധിമുട്ടുകളുണ്ട്, അതെക്കുറിച്ചന്വേഷിക്കാൻ നിയോഗിച്ച ഉദ്യോഗസ്ഥൻ ചൂണ്ടിക്കാണിച്ച പരിഹാരമാർഗ്ഗങ്ങളും എന്താണെന്നുള്ളതു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്, വളരെ താമസംകൂടാതെതന്നെ പരിഹാരമുണ്ടാക്കി പ്രോവിഡൻറ് ഫണ്ട് എന്നു പറയുന്ന പദംപ്രയോഗിച്ചു തന്നെ നടപ്പിൽവരുത്തും എന്ന് ആവർത്തിച്ചാവർത്തിച്ച് ശക്തിയുക്തം ഇവിടെ പറഞ്ഞിട്ടുണ്ട്. അതൊന്നും സ്വീകരിക്കാൻ തയ്യാറല്ല സർ. പ്രോവിഡൻറ് ഫണ്ട് എന്നു പറയുന്ന ഈ പദത്തിന് ഇത്രയേറെ മാഹാത്മ്യംകൊടുക്കേണ്ട കാര്യമെന്താണ്? എനിക്കു മനസ്സിലാകുന്നില്ല. തൊഴിലാളി പ്രവർത്തകരായ ശിവനോടും മറാളുകളോടും ഞാൻ ചോദിക്കുകയാണ്, ഫലത്തിൽ പ്രോവിഡൻറുഫണ്ടായാലും സോഷ്യൽ സെക്യൂരിറ്റി ഉണ്ടാക്കുന്ന നിയമമായാലും ബെനിഫിറ്റ് ഫണ്ടായാലും അത് ഗുണകരമായി പരിണമിക്കുന്നതിന് 'പ്രോവിഡൻറ് ഫണ്ട്', എന്ന മരീചിക എടുത്തു വച്ചു പ്രയോഗിക്കണമോ? സർ, ഇതിനു പല പ്രതിബന്ധങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തൊഴിലാളിരംഗത്തു പ്രവർത്തിക്കുന്ന ഏതു വ്യക്തിക്കും ആഗ്രഹമുള്ളതാണ് തൊഴിലാളികൾക്കനുകൂലമായ രീതിയിൽ ഉള്ള നിയമനിർമ്മാണം വരണമെന്നത്. അതനുസരിച്ചുള്ള നിയമനിർമ്മാണമാണ് ഇവിടെ ഉണ്ടാക്കിയിട്ടുള്ളത്. കാഷ്വൽ ആൻഡ് ടെമ്പററി വർക്കേഴ്സിന്റെ കാര്യത്തിൽ കൊണ്ടുവന്ന നിയമനിർമ്മാണം, സോഷ്യൽ വെൽഫെയർ സംബന്ധിച്ച മറ്റു നിയമനിർമ്മാണങ്ങൾ, ഹെഡ് ലോഡ് വർക്കേഴ്സിനെ സംബന്ധിച്ച നിയമനിർമ്മാണം ഇതെല്ലാം ഈ ഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ ഉണ്ടായിട്ടുള്ളതാണ്. അതിന്റെ ആത്മാർത്ഥതയെ ചോദ്യംചെയ്യാൻ, തൊഴിലാളികൾക്കു ഗുണംവരുന്ന ഒരു നിയമനിർമ്മാണത്തിനു വേണ്ടിപ്പോലും ഒരു നിമിഷം ചെലവഴിക്കാത്ത ഒരു കക്ഷിക്ക് എന്തർഹതയുണ്ടെന്നാണ് ഞാൻ ചോദിക്കുന്നത്. ഒരു കാരണവശാലും അതിന് അർഹതയില്ല. വെറുമൊരു പ്രചരണത്തിനുവേണ്ടി മാത്രം കൊണ്ടുവന്നിരിക്കുന്ന ഒരു പ്രമേയമെന്നല്ലാതെ ഈ പ്രമേയത്തിനകത്ത് ഒരു കഴമ്പുമില്ലെന്ന് പ്രമേയം വായിക്കുന്ന ഏതൊരു വ്യക്തിക്കും മനസ്സിലാകും. ശ്രീ. ഇ. നാരായണൻനായർ അതു ചൂണ്ടിക്കാണിക്കുകയുണ്ടായി. എനിക്കദ്ദേഹത്തോട് അതിൽ നന്ദിയുണ്ട്. ഇതു നടപ്പാക്കാത്തതു മനഃപൂർവ്വമല്ല. ബുദ്ധിമുട്ടുകളുണ്ട്. ബുദ്ധിമുട്ടെടുത്തു നാളെമാറ്റിവച്ചിട്ട് നടപ്പാക്കാമെന്നു പറയുന്നതു പോലെയല്ല. പത്തുനാൽപ്പത്തഞ്ച് ഉടക്കുകളുണ്ട്. എന്താണിതിന്റെ ബുദ്ധിമുട്ട് എന്നുള്ളതിനെപ്പറ്റി റിപ്പോർട്ടുചെയ്യാൻ 3.10.1975-ൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു. 21.2.1976-ലാണ് ആ റിപ്പോർട്ടു തന്നത്. അതു ഡിപ്പാർട്ടുമെൻറു പരിശോധിച്ചശേഷം 1977-ൽ വീണ്ടും പരിശോധിച്ച് അങ്ങനെ കൺസോളിഡേറ്റഡായി ഡിപ്പാർട്ടുമെൻറിന്റെ റിപ്പോർട്ട് വന്നതിനുശേഷം ഇപ്പോഴാണ് അതു പരിശോധനയ്ക്കെടുക്കാൻ കിട്ടിയത്. തൊഴിലാളികളുടെ ഭാഗത്തുനിന്ന് ഡിപ്പാർട്ടുമെൻറിനോടു വാദിക്കാൻ ആളില്ലാത്തവരും. അങ്ങനെയുള്ള പ്രയാസങ്ങൾ മാറ്റിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അല്ലാതെ മനഃപൂർവ്വമായ ഒരു വീഴ്ചയും ഇത്രയേറെ താലോലിച്ചുണ്ടാക്കിയ ഈ നിയമനിർമ്മാണത്തിലെ കാതലായ ഭാഗം നടപ്പിൽവരുത്തുന്നതിൽ കാണിച്ചിട്ടില്ല. അതുകൊണ്ട് ഈ ഗവൺമെൻറ് വീഴ്ച വരുത്തി എന്നു പറയുന്ന വാദഗതിയോട് ഒരു കാരണവശാലും യോജിക്കാൻ സാധിക്കുകയില്ല. ഒരുപക്ഷേ അതിനു ദിവസങ്ങളോ ചിലപ്പോൾ ഒരു മാസമോ വേണ്ടിവരുമെന്നേ ഉള്ളൂ. അത് സഹിഷ്ണുതയോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ചെയ്യാനാവൂ. സർ, ഞങ്ങളും മാത്രമല്ല ഇതു വിലയിരുത്തിയിട്ടുള്ളത്. തൊഴിലാളികളും വിലയിരുത്തിയിട്ടുണ്ട്. അതിനുശേഷം പാലക്കാട്ടും കുട്ടനാട്ടുമൊക്കെ തിരഞ്ഞെടുപ്പ് നടന്നു. സഖാവ് അച്യുതാനന്ദനെ ഈ അസംബ്ലിയിൽ കാണാനില്ല. ആർക്കാണ് ആത്മാർത്ഥതയുള്ളതെന്ന് ഇവിടത്തെ തൊഴിലാളികളും വിലയിരുത്തിയിട്ടുണ്ട്. ഏതായാലും അതെക്കുറിച്ചുള്ള അവകാശവാദങ്ങളൊന്നും ഞാൻ ഉന്നയിക്കുന്നില്ല. ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. ശ്രീമാൻ പി.ബി.ആർ. പിള്ള ഈ പ്രമേയത്തിനെ സ്പിരിറ്റിനോടു യോജിക്കുന്നു എന്നു പറഞ്ഞു. എന്താണ് ഈ പ്രമേയത്തിന്റെ സ്പിരിറ്റ് എന്നദ്ദേഹം മനസ്സിലാക്കിയിട്ടാണോ അതു പറഞ്ഞതെന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ ആ പ്രമേയം ഒന്നു വായിക്കാം.

''കേരള കർഷകത്തൊഴിലാളി നിയമത്തിലെ പ്രോവിഡന്റ് ഫണ്ട് വ്യവസ്ഥ നാളിതുവരെ പ്രാബല്യത്തിൽ വരുത്താൻ കൂട്ടാക്കാത്തതിൽ ഈ സഭയ്ക്കുള്ള ആശങ്ക രേഖപ്പെടുത്തുന്നതോടൊപ്പം പ്രോവിഡന്റ് ഫണ്ട് പ്രാബല്യത്തിൽ വരുത്താൻ അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു.''

സർ, വരുത്താൻ കൂട്ടാക്കാത്ത.....

ശ്രീ. പി.ബി.ആർ. പിള്ള: നടപ്പിൽവരുത്താതിരിക്കുന്നതിന്റെ സ്പിരിറ്റ്.....

ശ്രീ. എം.കെ. രാഘവൻ: ശ്രീമാൻ പി.ബി.ആർ. പിള്ളയെ പരിഭാഷകനായി ഞാൻ സ്വീകരിച്ചിട്ടില്ല. ഞാൻ പറയുന്നതു പിള്ളയ്ക്കും മനസ്സിലാകും പിള്ള പറയുന്നതു എനിക്കും മനസ്സിലാകും. ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന ലക്ഷ്യം മനസ്സിലാക്കാതെ സ്പിരിറ്റ് അംഗീകരിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കർഷകത്തൊഴിലാളികൾക്ക് പ്രതിബന്ധം കൂടാതെ ഇതു ബാധകമാക്കണമെന്നുണ്ടെങ്കിൽ ഇതിലുള്ള ഊരാക്കുടുക്കുകളൊക്കെ മാറ്റിക്കൊണ്ടുള്ള നിയമ നിർമ്മാണം ഉണ്ടാകണം. അതിനുള്ള ശ്രമമാണ് നടത്തുന്നത്. യാതൊരു കലവറയും കൂടാതെ ഞാൻ ഉറപ്പു പറയുകയാണ്. യാതൊരു വീഴ്ചയും വരുത്താതെ പ്രോവിഡന്റ് ഫണ്ടിൽ അടങ്ങുന്ന സുരക്ഷിതത്വവ്യവസ്ഥകളും ഉൾക്കൊള്ളുന്നതായ നിയമം കർഷകത്തൊഴിലാളികൾക്ക് ബാധകമാക്കത്തക്ക വിധത്തിൽ നടപ്പിലാക്കുന്നതിന് യാതൊരു കാലതാമസവും വരുത്തുകയില്ല. ഈ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ശിവൻ ഈപ്രമേയം പിൻവലിക്കണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്ക് ഈ സഭയുടെ മുൻപിൽ വയ്ക്കാനുള്ളത്.

The amendment moved by Shri E. Narayanan Nair was put and lost.
The amendment moved by Shri P. Sankar was by leave withdrawn.
The amendment moved by Shri P.B.R. Pillai was put and lost.
The amendment moved by Shri K.J. Chacko was by leave withdrawn.
The amendment moved by Shri P.R. Francis was by leave withdrawn.

LIBRARY ARCHIVES Kerala Legislative Assembly

The resolution moved by Shri P.R. Sivan was put and carried.

Shri R. Sundaresan Nair: Sir, I demand a poll.

(A poll was taken when the Hosue divided as follows.)

AYES—10

1. ശ്രീ. ടി.കെ. അബ്ദു.
2. ശ്രീ. കെ. അനിരുദ്ധൻ.
3. ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി.
4. ശ്രീ. പി.കെ. ഇട്ടൂപ്പ്.
5. ശ്രീ. ഇ. നാരായണൻ നായർ.
6. ശ്രീ. കെ. രാഘവൻ മാസ്റ്റർ.
7. ശ്രീ. ടി.കെ. രാമകൃഷ്ണൻ.
8. ശ്രീ. പി.ബി.ആർ. പിള്ള.
9. ശ്രീ. പി.ആർ. ശിവൻ.
10. ശ്രീ. ആർ. സുന്ദരേശൻ നായർ.

NOES—36

1. ശ്രീ. എ.കെ. ആൻറണി.
2. ശ്രീ. ആര്യാടൻ മുഹമ്മദ്.
3. ശ്രീ. കെ.കെ. ബാലകൃഷ്ണൻ.
4. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
5. ശ്രീ. കെ.ജെ. ചാക്കോ.
6. ശ്രീ. ചന്ദ്രശേഖരൻനായർ.
7. ശ്രീ. പി.കെ. ചാത്തൻ മാസ്റ്റർ.
8. ശ്രീ. ജെ. ചിത്തരഞ്ജൻ.
9. ശ്രീ. സിറിയക് ജോൺ.
10. ശ്രീ. പി.ആർ. ഫ്രാൻസിസ്.
11. ശ്രീ. എം.കെ. ഹേമചന്ദ്രൻ.
12. ശ്രീ. ടി.എസ്. ജോൺ.
13. ശ്രീ. പി.സി. ജോസഫ്.
14. ശ്രീ. ഇ.കെ. പിള്ള.
15. ശ്രീ. കെ.ടി. കുമാരൻ.
16. ശ്രീ. കാന്തലോട്ടു കുഞ്ഞാമ്പു.
17. ശ്രീ. പാണാറത്ത് കുഞ്ഞിമുഹമ്മദ്.
18. ശ്രീ. ലോനപ്പൻ നമ്പാടൻ.
19. ശ്രീ. ടി.എ. മജീദ്.
20. ശ്രീ. കെ.എ. മാത്യു.
21. ശ്രീ. സി.എച്ച്. മുഹമ്മദുകോയ.
22. ശ്രീ. കെ.പി. നൂറുദ്ദീൻ.
23. ശ്രീ. കെ. പങ്കജാക്ഷൻ.
24. ശ്രീ. ടി.എ. പരമൻ.
25. ശ്രീ. എം.കെ. രാഘവൻ.
26. ശ്രീ. കണിയാപുരം രാമചന്ദ്രൻ.
27. ശ്രീ. എം.രാമപ്പ.
28. ശ്രീ. വട്ടിയൂർക്കാവ് രവി.
29. ശ്രീ. വി.ടി. സെബാസ്റ്റ്യൻ.

LIBRARY ARCHIVES Kerala Legislative Assembly

30. ശ്രീ. ബി.എം. ഷെറീഫ്.
31. ശ്രീ. പി.കെ. ശ്രീനിവാസൻ.
32. ശ്രീ. സി.എം. സുന്ദരം.
33. ശ്രീ. എ.വി. താമരാക്ഷൻ.
34. ശ്രീ. എസ്. തങ്കപ്പൻപിള്ള.
35. ശ്രീ. ത്യാഗരാജൻ.
36. ശ്രീ. സ്റ്റീഫൻ പാദുവ.

Neutrals—Nil

Mr. Deputy Speaker: Those for the resolution—10

Against—36

Neutrals—Nil.

The resolution was declared lost.

[Shri K.K. Balakrishnan in the Chair]

(3) സ്കൂൾ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നാഷണൽ കമ്മീഷനെ നിയമിക്കുന്നത് സംബന്ധിച്ച്.

12 Noon] ശ്രീ. കെ. എ. മാത്യു: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുകയാണ്.

''സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനു സ്കൂൾ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും യു.ജി.സി. മാതൃകയിൽ ഒരു നാഷണൽ കമ്മിഷനെ നിയമിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.''

സർ, നമ്മുടെ റവന്യൂ വരുമാനത്തിന്റെ ഗണ്യമായ ഭാഗം ചെലവഴിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ വിദ്യാഭ്യാസരംഗം ഇന്നും പരിമിതികളുടെയും പരാധീനതകളുടെയും ഒരു ചിത്രമാണ് കാഴ്ചവയ്ക്കുന്നത്. നമ്മുടെ സ്കൂളുകളിലേക്ക് ഒന്ന് കണ്ണോടിച്ചാൽ ഇന്നും ആവശ്യത്തിനുള്ള കെട്ടിടങ്ങൾ പല സ്ഥലങ്ങളിലും ഇല്ലെന്നുള്ളത് ഒരു വസ്തുതയാണ്. വൃക്ഷത്തണലുകളിലും ജീർണ്ണിച്ച ഷെഡ്ഡുകളിലും വച്ച് ഇന്നും വിദ്യാഭ്യാസം നൽകുന്നുണ്ട് എന്നുള്ള കാര്യം നമ്മെ സംബന്ധിച്ചിടത്തോളം ഭൂഷണമല്ല. നമുക്കറിയാം കോടിക്കണക്കിന് രൂപ ആരംഗത്ത് മുതലിറക്കിയാൽ മാത്രമേ നാം ആഗ്രഹിക്കുന്ന രീതിയിൽ ഉള്ള സൗകര്യം വിദ്യാഭ്യാസരംഗത്ത് നമുക്കു കൈവരിക്കാൻ കഴിയുകയുള്ളു എന്ന്. അതുപോലെതന്നെ കുഞ്ഞുങ്ങളെ സയൻസ് വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ഇന്ന് പല സ്ഥലങ്ങളിലും ''Suppose it is a test tube'' എന്നു പറഞ്ഞു പഠിപ്പിക്കുന്നതിന് സാധിക്കാത്ത ഗതികേടാണുള്ളത്. അതുപോലെതന്നെ ലൈബ്രറി സൗകര്യങ്ങളുടെ കാര്യത്തെ സംബന്ധിച്ച് ഒന്നും പറയാതെയിരിക്കുകയാണ് ഭേദം. കുഞ്ഞുങ്ങളുടെ വ്യക്തിത്വവികാസത്തിന് ഓട്ടം ചാട്ടം തുടങ്ങിയ ആക്ടിവിറ്റീസ് എത്രമാത്രം പ്രാധാന്യമുള്ളതാണെന്ന് ഇന്നത്തെ പരിഷ്കൃത ജന്മ

LIBRARY ARCHIVES Kerala Legislative Assembly